**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 412</u>** **<u>14-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>കേരള സവാരി പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മിതമായ നിരക്കിൽ സുരക്ഷിതമായ യാത്രാ സൗകര്യം ഊർജ്ജിതപ്പെടുത്തുന്നതിനും തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കുന്നതിനുമായി ഈ സർക്കാർ ആരംഭിച്ച കേരള സവാരി പദ്ധതി സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന്റെ കീഴിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ സർക്കാർ നോട്ടിഫൈഡ് നിരക്കിൽ തർക്കരഹിത യാത്ര ഉറപ്പാക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനും വേണ്ടി തിരുവനന്തപുരം നഗര പരിധിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ള ഓൺലൈൻ ഓട്ടോ/ടാക്സി പ്ലാറ്റ്ഫോമാണ് കേരള സവാരി. പ്രസ്തുത പൈലറ്റ് പദ്ധതി വിലയിരുത്തുന്നതിനു വേണ്ടി ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ , സെക്രട്ടറി ഇലക്ട്രോണിക്സ് വിവരസാങ്കേതിക വകുപ്പ്, കമ്മീഷണർ ഓഫ് പോലീസ് തിരുവനന്തപുരം, ട്രാൻസ്പോർട്ട് കമ്മീഷണർ, ജനറൽ മാനേജർ ഐ.റ്റി.ഐ പാലക്കാട്, ഡയറക്ടർ NATPAC, ലീഗൽ മെട്രോളജി കൺട്രോളർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവരെ ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് പദ്ധതി വിലയിരുത്തി വരുന്നു.** |
| (ബി) | പ്രസ്തുത ഓൺലൈൻ ടാക്സി പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | **എറണാകുളം, തൃശ്ശൂർ ജില്ലകളിൽ കൂടി പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (സി) | ഒരാൾക്ക് മാത്രം യാത്ര ചെയ്യാവുന്ന തരത്തിൽ ബൈക്ക് ടാക്സികൾ എന്ന ആശയം കേരള സവാരിയിലൂടെ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | **നിലവിൽ പരിഗണനയിലില്ല.** |

സെക്ഷൻ ഓഫീസർ